## പതിമൂന്നാം കേരള നിയമസഭ
## പന്ത്രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 97 01-12-2014-ൽ മറുപടിയ്ക്ക്

### പുതിയ മദ്യനയം

**ചോദ്യം:** **ഉത്തരം:**

ശ്രീ. വി.എം. ഉമ്മർ മാസ്റ്റർ

ശ്രീ. കെ. ബാബു
(മത്സ്യബന്ധനവും, തുറമുഖവും
എക്സൈസും വകുപ്പു മന്ത്രി)

| | | | |
|---|---|---|---|
| (എ) | സംസ്ഥാനത്ത് പുതിയ മദ്യനയം നിലവിൽ വന്നതിനുശേഷം മദ്യ ഉപഭോഗത്തിൽ കുറവ് വന്നിട്ടുണ്ടോ; കണക്കുകൾ വ്യക്തമാക്കാമോ; | (എ) | 2014-15 സാമ്പത്തിക വർഷത്തെ മദ്യനയം, 2014 ആഗസ്റ്റ് മാസം അവസാനത്തോടുകൂടി പ്രഖ്യാപിച്ചതിനു ശേഷം, 2014 സെപ്തംബർ, ഒക്ടോബർ മാസങ്ങളിലെ വിദേശ മദ്യ വില്പനയിൽ 2013-ലെ ഇതേ മാസങ്ങളിലെ വില്പനയേക്കാൾ കുറവ് രേഖപ്പെടുത്തിയിട്ടുണ്ട്. വിശാംദശങ്ങൾ ചുവടെ ചേർക്കുന്നു. |

ഇന്ത്യൻ നിർമ്മിത വിദേശ മദ്യത്തിന്റെ വില്പന - അളവിന്റെ അടിസ്ഥാനത്തിൽ(കെയ്സുകൾ ലക്ഷത്തിൽ)

| മാസം | 2014-15 | 2013-14 | വർദ്ധനവ്/ കുറവ് (കെയ്സുകൾ ലക്ഷത്തിൽ) | വർദ്ധനവ്/ കുറവ് (ശതമാനത്തിൽ) |
|---|---|---|---|---|
| സെപ്തംബർ | 17.72 | 21.15 | -3.43 | -16 |
| ഒക്ടോബർ | 17.75 | 21.13 | -3.98 | -19 |

ബിയറിന്റെ വില്പന അളവിന്റെ അടിസ്ഥാനത്തിൽ
(കെയ്സുകൾ ലക്ഷത്തിൽ)

| മാസം | 2014-15 | 2013-14 | വർദ്ധനവ്/ കുറവ് (കെയ്സുകൾ ലക്ഷത്തിൽ) | വർദ്ധനവ്/ കുറവ് (ശതമാനത്തിൽ) |
|---|---|---|---|---|
| സെപ്തംബർ | 6.89 | 8.16 | -1.27 | -16 |
| ഒക്ടോബർ | 5.51 | 8.37 | -2.86 | -34 |

| | | | |
|---|---|---|---|
| (ബി) | വ്യാജമദ്യം തടയുന്നതിനു വേണ്ടി എന്തെല്ലാം ക്രമീകരണങ്ങളാണ് സർക്കാർ ഏർപ്പെടുത്തിയിട്ടുള്ളത് ? | (ബി) | എല്ലാ എക്സൈസ് ഡിവിഷനുകളിലും ശക്തമായ എൻഫോഴ്സ്മെന്റ് പ്രവർത്തനം നടത്തിവരുന്നു. എല്ലാ ജില്ലകളിലും രാത്രികാല വാഹന പരിശോധന നടത്തുന്നതിനും എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തുന്നതിനുമായി സ്ട്രൈക്കിംഗ് ഫോഴ്സുകൾ പ്രവർത്തിക്കുന്നുണ്ട്. കേരളത്തിലേയ്ക്ക് സ്പിരിറ്റുൾപ്പെടെയുള്ള വ്യാജങ്ങൾ ചെറുവാഹനങ്ങളിൽ സംസ്ഥാനത്തിന് പുറത്തുനിന്നും കടത്തി കൊണ്ടുവരാനുള്ള സാധ്യതകൾ മുന്നിൽകണ്ട് എല്ലാ ചെക്ക് പോസ്റ്റുകളിലും പരിശോധന ശക്തിപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയും ചെറുവാഹനങ്ങളും ആഡംബര കാറുകളും ഉൾപ്പെടെ എല്ലാ വാഹനങ്ങളും പരിശോധിക്കുകയും ചെയ്യുന്നു. കൂടാതെ എക്സൈസ് കമ്മീഷണറുടെ നേരിട്ട് നിയന്ത്രണത്തിലുള്ള സ്പെഷ്യൽ സ്ക്വാഡുകളും എക്സൈസ് ഇന്റലിജൻസ് വിഭാഗവും മദ്യം കടത്തുന്നത് സംബന്ധിച്ച ഇന്റലിജൻസ് വിവരങ്ങൾ ശേഖരിച്ച് അതിന്മേൽ നടപടി എടുത്തുവരുന്നു. എക്സൈസ് ഷാഡോ സംവിധാനം ഉപയോഗിച്ച് വ്യാജമദ്യത്തിന്റെ ഉല്പാദനവും വിതരണവും സംബന്ധിച്ച വിവരങ്ങൾ ശേഖരിച്ച് നടപടി സ്വീകരിച്ച് വരുന്നു. താലൂക്ക് തലങ്ങളിൽ എക്സൈസ് സർക്കിൾ ഇൻസ്പെക്ടറുടെ കീഴിൽ പ്രത്യേക സ്ക്വാഡ് രൂപീകരിച്ചും ജനകീയ കമ്മിറ്റികൾ യഥാസമയം കൂടി പൊതുജനങ്ങളിൽ നിന്ന് ലഭിക്കുന്ന പരാതികളിന്മേലും നടപടി സ്വീകരിച്ചു വരുന്നു.<br>ലൈസൻസ് സ്ഥാപനങ്ങൾ അടച്ചു പൂട്ടിയ സാഹചര്യത്തിൽ 'റെഡ് അലർട്ട്' പ്രഖ്യാപിച്ച് എൻഫോഴ്സ്മെന്റ് പ്രവർത്തനം കാര്യക്ഷമമാക്കിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ